# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2671      27/01/2014 ൽ മറുപടിയ്ക്ക്

## നബാർഡിന്റെ ധനസഹായം ലഭിക്കുന്ന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ മന്ത്രി) |
|---|---|
| (എ) 2012-13 വർഷത്തിൽ സംസ്ഥാനത്ത് ജലവിഭവവകുപ്പിനുകിഴിലെ എത്ര പ്രവൃത്തികൾക്കു നബാർഡിൽ നിന്ന് ധനസഹായം ലഭിച്ചു ; ഓരോ പ്രവൃത്തിയുടെയും പേരും, ലഭിച്ച നബാർഡ് ധനസഹായവും എത്ര? | (എ) ചീഫ് എഞ്ചിനീയർ (ജലസേചനവും, ഭരണവും)<br>2012-13 വർഷത്തിൽ ജലസേചന വകുപ്പിനു കീഴിൽ 46 പദ്ധതികൾക്കു നബാർഡിൽ നിന്നും ധനസഹായം ലഭിച്ചു. അനുമതി ലഭിച്ച പദ്ധതികളുടെ പേരും, ലഭിച്ച നബാർഡ് ധനസഹായവും അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.<br><br>കേരള വാട്ടർ അതോറിറ്റി<br>2012-13 ൽ 9 പദ്ധതികൾക്ക് നബാർഡിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു |
| (ബി) 2013-14 ൽ ജലവിഭവവകുപ്പിനുകിഴിലെ എത്ര പ്രവൃത്തികൾ നബാർഡ് ധനസഹായത്തിനു ശുപാർശ ചെയ്തു ; ഏതെല്ലാം ജില്ലകളിലെ, ഏതെല്ലാം പ്രവൃത്തികൾ; വിശദമാക്കുമോ? | (ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും, ഭരണവും)<br>2013-14 ൽ ഈ വകുപ്പിൽ നിന്നും ആകെ 152 പദ്ധതികൾ ശുപാർശ ചെയ്തിരുന്നു. ശുപാർശ ചെയ്ത പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3 ൽ ചേർത്തിരിക്കുന്നു<br><br>കേരള ജല അതോറിറ്റി<br>2013-14 ൽ 9 പദ്ധതികൾ നബാർഡ് ധനസഹായത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം 4 ൽ ചേർത്തിരിക്കുന്നു. കോസ്റ്റൽ ഷിപ്പിംഗ് & ഇൻലന്റ് നാവിഗേഷൻ വർക്ക്സ് 2013-14-ൽ 4 പ്രവൃത്തികൾ പട്ടിക 4 ൽ ചേർത്തിരിക്കുന്നു. |
| (സി) ധനസഹായത്തിനുള്ള പ്രൊപ്പോസലുകൾ എന്നാണ് നബാർഡിലേയ്ക്ക് അയച്ചത്? | (സി) നബാർഡ് RIDF XIX ൽ 4 പ്രൊപ്പോസലുകൾ നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനായി സമർപ്പിച്ചെങ്കിലും 10/06/2013-ലെ എസ്.എൽ.ഇ.സി അംഗീകാരം നൽകുകയുണ്ടായില്ല.<br><br>കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷന്റെ ശുപാർശകൾ 18.01.2014 ൽ നബാർഡിലേയ്ക്ക് അയച്ചു. |

| | |
|---|---|
| | മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട നബാർഡ് പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു. പരിഗണനയ്ക്കായി നബാർഡിലേയ്ക്ക് അയച്ചിട്ടില്ല. കേരള ജല അതോറിറ്റിയെ സംബന്ധിച്ച പ്രൊപ്പോസലുകളിൽ നബാർഡ് ധനസഹായം ലഭ്യമാകുന്നതിനായി കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 218.7 കോടി രൂപയുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിലേയ്ക്ക് അനുമതിക്കായി അയച്ചിരുന്നുവെങ്കിലും ആയത്, കേരള വാട്ടർ അതോറിറ്റിയ്ക്ക് 2013-14 -ൽ അനുവദിച്ച 130 കോടി രൂപയുള്ള പ്രൊപ്പോസൽ, മുൻഗണനപ്രകാരം ക്രമപ്പെടുത്തി, പുതുക്കിയ നിർദ്ദേശം, സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 130 കോടി രൂപയുള്ള പ്രൊപ്പോസൽ +ലഭ്യമാക്കുവാൻ എം.ഡിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) നബാർഡിന്റെ അംഗീകാരം ലഭിച്ചതായി അറിയിപ്പ് ലഭിച്ചുവോ ; | |
| **(ഇ) എങ്കിൽ, ഏതെല്ലാം പദ്ധതികൾക്കു** ധനസഹായം ലഭിച്ചുവെന്നും, ഓരോ പദ്ധതിക്കും എത്ര ധനസഹായം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ? | അറിയിപ്പ് ലഭിച്ചിട്ടില്ല |
| (എഫ്)ധനസഹായത്തിനുള്ള പ്രൊപ്പോസലുകൾ നബാർഡിലേയ്ക്ക് അയച്ചിട്ടില്ലെങ്കിൽ, നബാർഡിന്റെ ധനസഹായത്തിനു അയയ്ക്കുവാൻ പരിഗണിക്കുന്ന കണ്ണൂർ ജില്ലയിലെ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | <u>(എഫ്)</u> പ്രൊപ്പോസലുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ

[illegible] ലഭ്യമാണ്